**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3660** | **14-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ കന്നുകാലി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ കന്നുകാലി മിഷന്റെ (2021-22) ഭാഗമായി ഗ്രാമീണ കോഴി വളർത്തൽ, മാതൃകാ ആട് വളർത്തൽ, പന്നി വളർത്തൽ തുടങ്ങിയ സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സ്വകാര്യ സംരംഭകർക്ക് ഗ്രാമീണ കോഴി, ആട്, പന്നി വളർത്തൽ എന്നിവയ്ക്ക് 50% വരെ മൂലധന (Back ended) സബ്സിഡി നൽകുന്ന പദ്ധതിയാണിത്. കോഴി, ആട്,പന്നി വളർത്തൽ എന്നീ മേഖലകളിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക, രോഗമുക്തമായതും മികച്ച ഉത്പ്പാദന ശേഷിയുളളതുമായ കോഴി,ആട്, പന്നി എന്നിവയെ കൂടുതലായി ഉൽപ്പാദിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) | സ്വകാര്യ വ്യക്തികൾ, സ്വയംസഹായ സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ തുടങ്ങിയവർക്ക് നൽകിവരുന്ന സബ്സിഡികൾ അറിയിക്കാമോ; | (ബി) | ദേശീയ കന്നുകാലി മിഷന്റെ ഭാഗമായി ആട്ടുവളർത്തൽ സംരംഭത്തിനായി 500 പെണ്ണാടുകളെയും 25 മുട്ടനാടുകളെയും വളർത്തുന്ന ഒരു യൂണിറ്റിന് പദ്ധതി തുകയുടെ 50% തുകയോ അല്ലെങ്കിൽ 50 ലക്ഷം രൂപയും, കോഴി വളർത്തൽ സംരംഭത്തിനായി 1000 പിടക്കോഴിയും 100 പൂവൻ കോഴിയും വളർത്തുന്ന ഒരു യൂണിറ്റിന് പദ്ധതി തുകയുടെ 50% തുകയോ അല്ലെങ്കിൽ 25 ലക്ഷം രൂപയും, പന്നി വളർത്തൽ സംരംഭത്തിനായി 100 പെൺ പന്നിയും 10 ആൺ പന്നിയും വളർത്തുന്ന ഒരു യൂണിറ്റിന് തുകയുടെ 50% തുകയോ അല്ലെങ്കിൽ 30 ലക്ഷം രൂപയും സ്വകാര്യ വ്യക്തികൾ, സ്വയം സഹായ സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ തുടങ്ങിയവർക്ക് നൽകി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നത് ഏത് ഏജൻസിയെയായിരുന്നു; | (സി) | പദ്ധതി കെ.എൽ.ഡി ബോർഡും മൃഗസംരക്ഷണ വകുപ്പും ചേർന്ന് നിർവ്വഹിക്കുന്നു. |
| (ഡി) | നടപ്പുവർഷം മേൽപദ്ധതികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ആസൂത്രണം | (ഡി) | നടപ്പു വർഷം നാളിതുവരെ 69 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ലഭ്യമായ അപേക്ഷകളുടെ സൂക്ഷ്മ |

| | | | |
|---|---|---|---|
| | ചെയ്തുവരുന്നതെന്ന് അറിയിക്കുമോ? | | പരിശോധന നടന്നു വരുന്നു. സൂക്ഷ്മ പരിശോധന നടത്തിയതിൽ 39 അപേക്ഷകൾ യോഗ്യമല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ശേഷിച്ചതിൽ 14 അപേക്ഷകർ പ്രോജക്ട് അവതരിപ്പിക്കുകയും ആയതിന്റെ ഫീൽഡ് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. 16 അപേക്ഷകരുടെ പ്രോസസിംഗ് വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ